LIBRARY ARCHIVES Kerala Legislative Assembly

ഫിഷിംഗ് ഹാർബറുകൾ

53 [6019] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ ഏതെല്ലാം;

(ബി) ഇവയുടെ പണി എന്ന് ആരംഭിച്ചു;

(സി) പണി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നീണ്ടകര, തങ്കശ്ശേരി, വിഴിഞ്ഞം, കായംകുളം, തലായ്, പൊന്നാനി, മുതല പൊഴി.

(ബി) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ രണ്ടും മൂന്നും ഘട്ടവികസന പ്രവർത്തനങ്ങൾ 1994-ൽ ആരംഭിച്ചു. നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 1982-ലും, തങ്കശ്ശേരിയുടെ നിർമ്മാണം 1989-ലും, കായംകുളത്തിന്റെ നിർമ്മാണം 1995-ലും, തലായ്, പൊന്നാനി, മുതലപ്പൊഴി എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം 2002-ലും ആരംഭിച്ചു.

(സി) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 2003-04 സാമ്പത്തിക വർഷവും, നീണ്ടകര, തങ്കശ്ശേരി, മുതലപ്പൊഴി എന്നിവയുടെ നിർമ്മാണം 2004-05 സാമ്പത്തിക വർഷവും, കായംകുളം, പൊന്നാനി എന്നിവയുടെ നിർമ്മാണം 2005-06 സാമ്പത്തിക വർഷവും തലായ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞാൽ നാലുവർഷത്തിനുള്ളിലും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മൽസ്യമേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ

54 [6020] ശ്രീ. ബിനോയ് വിശ്വം:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യ വകുപ്പ്, മൽസ്യ ഫെഡ്, മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, എഫ്. എഫ്. ഡി. എ., അഡാക്ക് മുതലായവയുടെ ഓരോന്നിന്റെയും പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഇവകൂടാതെ ഈ രംഗത്ത് എന്തെല്ലാം ഏജൻസികൾ വികസന, ഉൽപ്പാദനക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഏജൻസികളിലൂടെ നടപ്പാക്കിയ ഏതെല്ലാം പദ്ധതികളാണ് ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എപ്പോൾ പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ബ്രാക്കിഷ് വാട്ടർ ഫിഷർ ഫാർമേഴ്സ് ഡെവലപ്പമെന്റ് ഏജൻസി ഉൽപ്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ഓരുജല ചെമ്മീൻ/മൽസ്യ കൃഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസി ഓരോ വർഷവും ലക്ഷ്യമിടുന്ന പദ്ധതിയുടെ 80% ലേറെ ശരാശരി ലക്ഷ്യം നേടുന്നുണ്ട്. കെ. എഫ്. ഡി. പി. പി. സി. (കേരള ഫിഷറീസ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഫോർ പ്രാൺ കൾച്ചർ). പൊക്കാളി പാടശേഖരങ്ങളിലെ ചെമ്മീൻ ഉൽപ്പാദന വർദ്ധനവിനുള്ള സമഗ്ര പദ്ധതി, കുട്ടനാട് സമഗ്ര ജലകൃഷി വികസന പദ്ധതി, കല്ലുമ്മക്കായ (ചിപ്പി) കൃഷി എന്ന പദ്ധതികൾ നടപ്പാക്കുന്ന അഡാക്ക് വിവിധ കാരണങ്ങൾക്കൊണ്ട് പൂർണ്ണമായും ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മൽസ്യ ഫെഡ് വഴി നടപ്പിലാക്കി ലക്ഷ്യപ്രാപ്തിയിൽ എത്തുകയും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. †

(ഡി) അഡാക്കിന്റെ നിയന്ത്രണത്തിലുള്ള ഏജൻസികൾ ഏകോപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റുള്ളവ ഏകോപിപ്പിക്കുന്നത് പ്രായോഗികമല്ല.

തീരദേശ ആരോഗ്യ ശുചിത്വ പദ്ധതി

55 [6021] ശ്രീമതി മേഴ്സി രവി:
ശ്രീ. ഡി. സുഗതൻ:
,, ടി.എൻ. പ്രതാപൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ആരോഗ്യ ശുചിത്വ പദ്ധതി എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[14-8-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 54 (6020) ദയവായി കാണുക.]

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡുവഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ സ്വന്തമാക്കുന്നതിനായി ലളിതവും, സബ്സിഡിയോടുകൂടിയതുമായ വായ്പകൾ സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുക, തീരദേശ മത്സ്യലേലം സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക, മത്സ്യ വിപണനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, പ്രവർത്തന മൂലധനങ്ങളും വിതരണം ചെയ്യുക, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യ വിപണനത്തിന് സഹായം നൽകുക, മത്സ്യത്തൊഴിലാളി മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കൽ, പ്രാഥമിക സംഘങ്ങൾക്ക് ഓഹരി മൂലധനം ലഭ്യമാക്കുക, മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങളും, ഇന്ധനവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയോടുകൂടി വിതരണം ചെയ്യുക മുതലായ പ്രവർത്തനങ്ങളാണ് മത്സ്യ ഫെഡ് പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്.

ദേശീയ ധനകാര്യ സ്ഥാപനങ്ങളായ ദേശീയ സഹകരണ വികസന കോർപ്പറേഷൻ, ദേശീയ പിന്നോക്ക വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുതലായവയുടെ ധനസഹായത്തോടെയാണ് മുഖ്യമായും വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത്.

താഴെപ്പറയുന്ന സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു:

1. നാടൻ വള്ളങ്ങളുടെ നവീകരണത്തിനുള്ള ധനസഹായം—10,000 രൂപ വീതം
2. മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ അനുബന്ധ സാമഗ്രികൾക്കുള്ള ധനസഹായം—6,000 രൂപ വീതം
3. ദൂരക്കടൽ മത്സ്യബന്ധനത്തിനുള്ള യാനങ്ങൾക്കുള്ള ധനസഹായം—വിലയുടെ 25%
4. പുതിയ തരം വള്ളങ്ങളുടെ പ്രചരണത്തിനുള്ള ധനസഹായം—വിലയുടെ 25%
5. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് സബ്സിഡി—വിലയുടെ 25%.

വിവിധ ഇൻഷ്വറൻസ് സുരക്ഷാ പദ്ധതികൾ:

1. മത്സ്യത്തൊഴിലാളി സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർക്ക് ജനറൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. അപകട മരണത്തിന് 1.5 ലക്ഷം രൂപയാണ് നഷ്ടപരിഹാരത്തുക.

   2003-04 സാമ്പത്തിക വർഷത്തേയ്ക്കുള്ള മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി 45 രൂപ പ്രീമിയത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കിയിട്ടുണ്ട്. 46,086 മത്സ്യത്തൊഴിലാളികൾ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട്. 1,50,000 രൂപയാണ് നഷ്ടപരിഹാരത്തുക.

LIBRARY ARCHIVES Kerala Legislative Assembly

2. വിവിധ വായ്പാ പദ്ധതികൾവഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉപകരണങ്ങൾക്ക് അപകടം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിവഴി നഷ്ടപരിഹാരം നൽകിവരുന്നു.

മത്സ്യഫെഡ്വഴി മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി:

ഈ പദ്ധതിയുടെ 2001-02 വർഷത്തേയ്ക്കുള്ള നിർവ്വഹണത്തിനായി സർക്കാർ 2517.25 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിവഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായും, സഹകരണ സംഘങ്ങൾവഴി പ്രവർത്തന മൂലധനത്തിന് മാർജ്ജിൻ മണിയായും 1195 ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞു.

2. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി:

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എംഎസ്.) 2/2000/എഫ്. ആന്റ് പി. ഡി. തീയതി 25-2-2002 പ്രകാരം മത്സ്യമേഖലയിൽ അടിയന്തിര കടാശ്വാസ പരിപാടികൾ നടപ്പിലാക്കുന്നതിന് സർക്കാർ 15 കോടി രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

(1)	മത്സ്യമേഖലയിൽ കടാശ്വാസം	..	9 കോടി
(2)	മണ്ണെണ്ണ വിതരണം	..	4 കോടി
(3)	തൊഴിൽദാന പദ്ധതികളും പരിശീലനവും	..	2 കോടി
	ആകെ		15 കോടി

അതിന്റെ ആദ്യഗഡുവായി സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എംഎസ്.) 30/2002 എഫ്.ആന്റ് പി.ഡി. തീയതി 23-10-2002 പ്രകാരം 2 കോടി രൂപ മത്സ്യഫെഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 31-10-2002-ൽ കൂടിയ മത്സ്യഫെഡ് ഡയറക്ടർ ബോർഡ് യോഗത്തിന്റെ 22, 24 നമ്പർ തീരുമാനങ്ങളനുസരിച്ച് ഈ പദ്ധതിപ്രകാരം താഴെപ്പറയുന്ന തരത്തിലുള്ള താൽക്കാലിക കടാശ്വാസ പരിപാടികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്:

(1) മത്സ്യഫെഡ്/മത്സ്യബന്ധന വകുപ്പ് എന്നിവവഴി ഭവന നിർമ്മാണ വായ്പ എടുത്ത് വീട് പണിയുകയും പിന്നീട് പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെടുകയോ വിധവകളാകുകയോ ശയ്യാവലംബരും നിത്യരോഗികളുമാകുകയോ മരണപ്പെടുകയോ ആലംബഹീനരാകുകയോ ചെയ്തവരുടെ കുടിശ്ശിക കടം വീട്ടുന്നതിന് പ്രത്യേക ആശ്വാസ പദ്ധതി നടപ്പിലാക്കും.

LIBRARY ARCHIVES Kerala Legislative Assembly

(2) മത്സ്യത്തൊഴിലാളികൾ നാളിതുവരെ എടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പ യിൻമേൽ ഉണ്ടായിട്ടുള്ള കുടിശ്ശിക അടച്ചു തീർക്കുന്നവർക്ക് പിഴപ്പലിശ പൂർണ്ണ മായും ഒഴിവാക്കിക്കൊടുക്കും.

(3) മത്സ്യഫെഡുവഴി എൻ.സി.ഡി.സി. ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, മൂന്നാം ഘട്ടം, ഐ.എഫ്.ഡി.പി. 98, ഐ.എഫ്.ഡി.പി. ഇൻലാന്റ് എന്നീ പദ്ധതികൾവഴി മത്സ്യ ബന്ധനോപകരണങ്ങൾക്കുള്ള വായ്പയോ എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. വഴി 1998 വരെ സ്വയംതൊഴിലിനുള്ള വായ്പയോ ലഭിച്ചിട്ടുള്ളവർക്ക് പിഴപ്പലിശ ഒഴിവാക്കിക്കൊണ്ട് കുടിശ്ശിക തീർക്കുന്നതിന് വൺടൈം സെറ്റിൽമെന്റ് (ഒ.ടി.എസ്.) പദ്ധതി നടപ്പിലാക്കും.

മേൽപ്പറഞ്ഞ കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഗുണഭോക്താക്കളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുകയും എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തുകയും ചെയ്തു. 10 ജില്ലകളിലുമായി നടത്തിയ അദാലത്തുകളിൽ 6,675 അപേക്ഷകളിന്മേൽ 515.22 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

3. മത്സ്യത്തൊഴിലാളി മേഖലയിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി:

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യത്തൊഴിലാളികൾ ഏറ്റവും അധികം നേരിടുന്ന പ്രശ്നം മണ്ണെണ്ണയുടെ വിലവർദ്ധനവാണ്. കരിഞ്ചന്തയിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 20 രൂപ വരെ വരുന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യ ത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വിലയ്ക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായുള്ള പദ്ധതിക്ക് ഗവൺമെന്റ് അംഗീകാരം നൽകുകയും, ആവശ്യമായ ഫണ്ട് അനുവദിച്ചു നൽകുകയുമുണ്ടായി.

ഇതേ തുടർന്ന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ മിനറൽസ് & മെറ്റൽസ് ട്രേഡിംഗ് കോർപ്പറേഷൻ വഴി മണ്ണെണ്ണ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റ് മത്സ്യബന്ധനത്തിനുള്ള പൊതുവിതരണ കോട്ട അനുസരിച്ചുള്ള മണ്ണെണ്ണ മത്സ്യഫെഡുവഴി വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. മണ്ണെണ്ണയുടെ ഇറക്കുമതി തീരുവ ഇളവു ചെയ്യുന്നതിന് കേന്ദ്ര ഗവൺ മെന്റിന് മത്സ്യഫെഡ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4. മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം എന്നിവവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ ധനസഹായത്തോടുകൂടിയുള്ള പദ്ധതി:

മത്സ്യമേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും, വിപണനവും ഊർജ്ജിതപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിനായി സമർപ്പിച്ചുകഴിഞ്ഞു. 11.27 കോടി രൂപ അടങ്കൽ തുകയോടുകൂടിയ ഈ പദ്ധതിവഴി പരമ്പരാഗത മത്സ്യമേഖലയിലെ 2,500 പേർക്ക് തൊഴില വസരങ്ങൾ നൽകുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി:

വിവിധ വായ്പാ പദ്ധതികൾവഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങളുടെ സുക്ഷ ഉറപ്പാക്കുന്നതിനായി മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഉപകരണങ്ങൾക്ക് അപകടം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതി വഴി നഷ്ടപരിഹാരം നൽകിവരുന്നു. ഗുണഭോക്താക്കളിൽനിന്നും ഈ പദ്ധതിയിലേയ്ക്കുള്ള വിഹിതമായി ഉപകരണങ്ങളുടെ വിലയുടെ 5% തുകയാണ് ഈടാക്കുന്നത്. നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ വിതരണം ചെയ്തു വരുന്നു.

6. പ്രാഥമിക സംഘങ്ങളുടെ ശാക്തീകരണം:

പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയുള്ള തീരദേശ ലേലം ശക്തിപ്പെടുത്തുന്നതിന് സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 57 മത്സ്യത്തൊഴിലാളി സംഘങ്ങളിൽകൂടി ലേലം ആരംഭിക്കുവാൻ സാധിച്ചു. മത്സ്യലേലം നടത്തുന്ന ആകെ സംഘങ്ങളുടെ എണ്ണം ഇപ്പോൾ 211 ആണ്. 16,401 തൊഴിലാളികൾ ലേലത്തിൽ പങ്കെടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 28,587 തൊഴിലാളികൾ ലേലത്തിൽ പങ്കെടുക്കുന്നു.

7. ഐസ് പ്ലാന്റുകളുടെ നവീകരണം:

പ്രവർത്തനരഹിതമായി കിടന്ന ഗവൺമെന്റ് ഐസ് പ്ലാന്റുകൾ മത്സ്യഫെഡ് ഏറ്റെടുത്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കിവരുന്നു.

8. അലങ്കാര മത്സ്യകൃഷിവഴി തൊഴിലവസരങ്ങൾ:

അലങ്കാര മത്സ്യകൃഷിവഴി വനിതകൾക്ക് സ്വയംതൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിക്കുകയും 10 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ചു കിട്ടുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly